ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സെറിബ്രൽ പാൾസി നിമിത്തം വൈകല്യം നേരിടുന്ന വ്യക്തികൾക്കും അതുമായി ബന്ധപ്പെട്ട് മറ്റ് ശാരീരിക വൈകല്യം ഉള്ള വ്യക്തികൾക്കും ആവശ്യമായ ക്ലിനിക്കൽ സപ്പോർട്ടും പുനരധിവാസവും നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശലക്ഷ്യം.

(സി) എൻ. കെ. മാത്യു ചാരിറ്റബിൾ ട്രസ്റ്റ്, ഇരിങ്ങാലക്കുടയാണ് സർക്കാരിന് ഭൂമിയും കെട്ടിടവും സൗജന്യമായി നൽകിയത്. നിലവിൽ സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാമിഷൻ, നിഷ് എന്നീ സർക്കാർ യൂണിറ്റുകളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്.

(ഡി) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്ന സ്ഥാപനത്തെ സ്പാസ്റ്റിക്ക് ഡിസ് ഓർഡർ ബാധിച്ചവരുടെ ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന ദേശീയ നിലവാരമുള്ള ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആക്കി മാറ്റിന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്റ്റേറ്റ് ലെവൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുക, ആവശ്യമായ ഭരണ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തുക, സ്വയംഭരണ അധികാരത്തോടുകൂടി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടനുസരിച്ച് സ്ഥാപനത്തെ രജിസ്റ്റർ ചെയ്യുക എന്നിവയ്ക്ക് ആവശ്യമായ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

വികലാംഗ നിയമനം

228 (7527) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വികലാംഗ ജീവനക്കാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച് സ്ഥിരപ്പെടുത്തിയവർ എത്രയാണ് ;

(സി) പി.എസ്.സി. വഴി നിയമനം നൽകിയ വികലാംഗ ജീവനക്കാർ എത്രയാണ് ;

(ഡി) ഏതെല്ലാം വകുപ്പുകളിലാണ് ഇവർക്ക് നിയമനം നൽകിയിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly